**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4583** **13-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ പ്രൊഫഷണൽ മേഖലയിലെ തൊഴിലുകളിൽ എത്തിക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പ്രൊഫഷണൽ മേഖലയിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾ വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരെ പ്രൊഫഷണൽ മേഖലയിലെ തൊഴിലുകളിൽ എത്തിക്കുന്നതിന് വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്/ എഞ്ചിനീയറിംഗ്, മറ്റ് അനുബന്ധ പ്രൊഫഷണൽ പഠന മേഖലകളിൽ പ്രവേശനം ലഭിക്കുന്നതിനായി സംസ്ഥാനത്തെ മികച്ച പരിശീലന സ്ഥാപനങ്ങളിൽ എൻട്രൻസ് പരീക്ഷാ പരിശീലനം നൽകി വരുന്നുണ്ട്. നിയമ പഠന മേഖലകളിൽ പ്രവേശനം ലഭിക്കുന്നതിനായി ലീഗൽ സർവ്വീസുമായി ബന്ധപ്പെട്ട് പരീക്ഷാ പരിശീലനം നൽകിവരുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ പ്രൊഫഷണൽ മേഖലയിലെ തൊഴിലുകളിൽ എത്തിക്കുന്നതിനായി വകുപ്പ് നൈപുണ്യ വികസന പരിശീലനങ്ങൾ നടത്തിവരുന്നുണ്ട്. പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് തൊഴിൽ സാധ്യതയുള്ള ഹ്രസ്വകാല കോഴ്സുകളിൽ സർക്കാർ/കേന്ദ്ര സർക്കാർ അംഗീകാരമുള്ള പരിശീലന സ്ഥാപനങ്ങൾ മുഖേന നൈപുണ്യ വികസന പരിശീലനങ്ങൾ നടത്തുകയും വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതികൾ വിജയപ്രദമാണോ; എങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്രപേർക്ക് പ്രൊഫഷണൽ മേഖലയിൽ തൊഴിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | വിജയപ്രദമാണ്. എം.ബി.ബി.എസ്, എഞ്ചിനീയറിംഗ് തുടങ്ങി പല പ്രൊഫഷണൽ കോഴ്സുകളിലായി 2920 പേർ പ്രവേശനം നേടിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന നൈപുണ്യ പരിശീലനങ്ങൾ പ്രൊഫഷണൽ മേഖലയിൽ പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ